LIBRARY ARCHIVES Kerala Legislative Assembly

സ്പോർട്സ് മേഖലയുടെ വികസനം

10 [*300] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് മേഖലയുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് അവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ അംഗീകാരത്തിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ) ഈ സർക്കാർ 2008 ഒളിമ്പിക്സിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ ഉണ്ടാക്കാൻ നടപടി എടുത്തിട്ടുണ്ട്. കേന്ദ്രത്തിനു സമർപ്പിച്ചിരുന്ന പദ്ധതികളിൽ 10 സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം ലഭ്യമായിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധം-എ ആയി ചേർത്തിരിക്കുന്നു.)† സന്തോഷ് ട്രോഫി ജയിച്ച ടീമിലെ ജോലി ഇല്ലാത്തവർക്ക് ജോലി കൊടുത്തിട്ടുണ്ട്. സ്പോർട്സ് മേഖലയുടെ വികസനത്തിനായി ഈ സർക്കാർ ആവിഷ്ക്കരിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട് (അനുബന്ധം 1). † പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†(അനുബന്ധം 2)

(ബി) ഉണ്ട്. കൊല്ലത്ത് വനിതകൾക്കായി അത്ലറ്റിക്സ് അക്കാഡമി, എറണാകുളത്ത് പരിശീലന കേന്ദ്രം, ഇടുക്കിയിൽ പ്രത്യേക ജെയിംസ് സെന്റർ, എറണാകുളത്ത് നീന്തൽക്കുളം എന്നീ പദ്ധതികൾ സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

ഖാദി ബോർഡിന്റെ റെഡിമെയ്ഡ് വസ്ത്രങ്ങൾ

11 [*301] ശ്രീ. കെ. എ. ചന്ദ്രൻ :
,, എം. എ. വാഹീദ് :
,, കെ. സുധാകരൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ ആകർഷകങ്ങളായ റെഡിമെയ്ഡ് വസ്ത്രങ്ങൾ വിപണിയിലിറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

† അനുബന്ധം-I (എ) യും (ബി) യും (സി) യും

(ബി) ഇവയുടെ വില്പനയ്ക്ക് എന്തെല്ലാം സെയിൽസ് പ്രൊമോഷൻ നടപടികളും പരസ്യങ്ങളുമാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ വസ്ത്രങ്ങൾക്ക് മെച്ചപ്പെട്ട വിപണി ലഭിക്കുമോ;

(ഡി) ഇവ കയറുമതി ചെയ്യാനുദ്ദേശമുണ്ടോ എന്നു വ്യക്തമാക്കുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) ഉണ്ട്.

(ബി) ഖാദി കമ്മീഷന്റെ സഹായത്തോടെ എല്ലാ വർഷവും മേഖലാ എക്സിബിഷനുകൾ സംഘടിപ്പിച്ചുവരുന്നു. ഓണം, ക്രിസ്തുമസ്, ഗാന്ധിജയന്തി, നെഹറു ജയന്തി, സ്കൂൾ വർഷാരംഭം എന്നീ വിശേഷ അവസരങ്ങളിൽ പ്രത്യേക മേളകളിലൂടെയും റെഡിമെയ്ഡ് ഷർട്ടുകൾക്ക് വിപണി കണ്ടെത്തുന്നു. കോട്ടൺ തുണിത്തരങ്ങൾക്ക് 10% റിബേറ്റ് വർഷം മുഴുവനും, വിശേഷാവസരങ്ങളിൽ (108) ദിവസത്തേക്ക് എല്ലാ തുണിത്തരങ്ങൾക്കും 10% റിബേറ്റും കേന്ദ്രസർക്കാർ നൽകിവരുന്നു. അതുപോലെ സംസ്ഥാന സർക്കാരും വർഷം മുഴുവൻ പോളിവസ്ത്രം ഒഴിച്ചുള്ള തുണിത്തരങ്ങൾക്ക് 10% റിബേറ്റും നൽകിവരുന്നുണ്ട്. പത്രമാധ്യമങ്ങളിലൂടെ റെഡിമെയിഡ് വസ്ത്രങ്ങളുടെ പരസ്യം നൽകിവരുന്നു. കൂടുതൽ ആകർഷകങ്ങളായ പരസ്യങ്ങൾ നൽകുന്നതിനുവേണ്ടി കമ്പ്യൂട്ടേഷൻ വിളിച്ച് പരസ്യം തയ്യാറാക്കുന്നതിനുവേണ്ട നടപടികൾ എടുത്തിട്ടുണ്ട്. ഖാദി കമ്മീഷന്റെ പ്രോഡിപ്പ് പദ്ധതി അനുസരിച്ച് പുതിയ ഡിസൈൻ ഉള്ള ഖാദി വസ്ത്രങ്ങൾ നിർമ്മിച്ചുവരുന്നു.

(സി ലഭിക്കുന്നുണ്ട്.

(ഡി) ഉണ്ട്.

ഉൾനാടൻ മത്സ്യകൃഷി മംഗത്ത് സഹകരണ സംഘങ്ങളെ പ്രാപ്തമാക്കാൻ നടപടി

12 [*302] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. എ. സി. മൊയ്തീൻ:
,, സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ ;

(ബി) ഉൾനാടൻ മത്സ്യകൃഷി മംഗത്ത് സഹകരണ സംഘങ്ങളെ പ്രാപ്തമാക്കാൻ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly